പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2026 ഒക്ടോബർ 27, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

23 (*181) സൈബർ സേഫ് കേരള 2026

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം, കുട്ടികൾക്കെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിനും പൊതുജനങ്ങളിൽ സൈബർ സുരക്ഷാ അവബോധം വളർത്തുന്നതിനുമായി സൈബർ സേഫ് കേരളം പദ്ധതി നടപ്പാക്കുന്നതാണെന്ന് സഭയെ അറിയിച്ചു. പോലീസ്, അക്കാദമിക് സ്ഥാപനങ്ങൾ, വ്യവസായ മേഖല എന്നിവയുടെ സഹകരണത്തോടെ സൈബർ റെസിലിയൻസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സൈബർ ഓപ്പറേഷൻസ് വിഭാഗം, സൈബർ ഡിവിഷൻ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ എന്നിവയുടെ നേതൃത്വത്തിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ടെന്നും കിഡ്ഗ്ലോവ് പദ്ധതിയിലൂടെ കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്കിടയിൽ സുരക്ഷിത ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഓപ്പറേഷൻ പി-ഹണ്ട് ഉൾപ്പെടെയുള്ള പരിശോധനാ നടപടികൾ ശക്തമാക്കുകയും സാമൂഹിക മാധ്യമങ്ങളിൽ സൈബർ പട്രോളിങ് നടത്തുകയും ചെയ്യുന്നുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുമായി സഹകരിച്ച് അധ്യാപകർക്ക് സൈബർ സുരക്ഷാ പരിശീലനം നൽകിവരുന്നതിനുപുറമെ എഞ്ചിനീയറിങ്

കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.ടി. വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സൈബർ സുരക്ഷാ പരിശീലനം, ഗവേഷണം, സാങ്കേതിക വിജ്ഞാന കൈമാറ്റം, സൈബർ ഭീഷണികൾ തിരിച്ചറിയാനും പ്രതിരോധിക്കാനുമുള്ള പരിശീലനം എന്നിവ നൽകാനും കോളേജ് വിദ്യാർഥികളുടെ പങ്കാളിത്തത്തോടെ ഗ്രാമതലത്തിൽ സൈബർ സുരക്ഷാ ബോധവൽക്കരണം വ്യാപിപ്പിക്കാനും ലക്ഷ്യമിടുന്നുണ്ട്. കിഡ്ഗ്ലോവ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, D-DAD തുടങ്ങിയ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിച്ച് വിദ്യാലയതലത്തിൽ സൈബർ സുരക്ഷാ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനും കുട്ടികളിൽ ഉത്തരവാദിത്തപൂർണ്ണമായ ഡിജിറ്റൽ പെരുമാറ്റം വളർത്തിയെടുക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണെന്നും ഓൺലൈൻ അപകട സാധ്യതകൾ തിരിച്ചറിയുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ സുരക്ഷിതമായി റിപ്പോർട്ട് ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ഓൺലൈൻ മയക്കുമരുന്ന് വ്യാപാരത്തിനെതിരെ കർശന നടപടി സ്വീകരിച്ചുവരികയാണെന്നും വ്യാജ പ്രൊഫൈൽ വഴിയുള്ള സൈബർ അധിക്ഷേപങ്ങൾ തടയുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

24 (*182) ഐ.ടി. മേഖലയുമായി മറ്റ് സാങ്കേതിക സ്ഥാപനങ്ങളുടെ ഏകോപനം

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, ഐ.ടി.-യെ സ്വതന്ത്ര മേഖലയായി കാണുന്ന പരമ്പരാഗത സമീപനത്തിനതീതമായി, സംയോജിത വിജ്ഞാന-സാങ്കേതികവിദ്യാ ആവാസവ്യവസ്ഥ സൃഷ്ടിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും സാങ്കേതികവിദ്യയുടെയും നവീകരണത്തിന്റെയും ആഗോള കേന്ദ്രമായി കേരളത്തെ ഉയർത്തുകയെന്ന ലക്ഷ്യത്തോടെ "ടെക് കേരളം" പദ്ധതി വികസിപ്പിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഐ.ടി., എ.ഐ., ഭാവി സാങ്കേതികവിദ്യകൾ എന്നിവയുൾപ്പെടുത്തി ഐ.ടി. വകുപ്പിന്റെ പ്രവർത്തനപരിധി വിപുലീകരിച്ചിട്ടുണ്ട്. അക്കാദമിക-ഗവേഷണ സ്ഥാപനങ്ങളുടെ കഴിവുകളെ വ്യവസായ ആവശ്യങ്ങളോടും ഉയർന്നുവരുന്ന അവസരങ്ങളോടും ബന്ധിപ്പിക്കുന്നതിന് TRICK കേന്ദ്രങ്ങളും

മേഖലാധിഷ്ഠിത സ്റ്റാർട്ടപ്പ് ക്ലസ്റ്ററുകളും ആക്സിലറേറ്ററുകളും Accelerate Kerala-യും നടപ്പാക്കിവരുന്നതോടൊപ്പം നൂതന സാങ്കേതികവിദ്യാ പ്രയോഗങ്ങളും ഉൽപന്നങ്ങളും ഉയർന്ന മൂല്യമുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. സംസ്ഥാനത്തെ ആഗോള സാങ്കേതികവിദ്യാ ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിനും ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ മുഖാന്തരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അഞ്ച് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി വ്യക്തമാക്കി. നിക്ഷേപ സാധ്യതകൾ വികസിപ്പിക്കുന്നതിനും നടപടികൾ സുഗമമാക്കി കമ്പനികൾ സ്ഥാപിക്കുന്നതിനും വളർച്ച ഉറപ്പാക്കുന്നതിനുമുള്ള ഏകോപന ചുമതല 'ദി ഫ്യൂച്ചർ കോർപ്പറേഷൻ' മുഖേന നിർവഹിക്കുന്നതാണെന്നും സർക്കാർ ഐ.ടി. പാർക്കുകൾക്ക് ലഭിക്കുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും അർഹരായ സ്വകാര്യ വിവരസാങ്കേതികവിദ്യാ പാർക്കുകൾക്കും ലഭ്യമാക്കുന്നതിനായി ഐ.ടി. പാർക്സ് അഫിലിയേഷൻ സ്കീം നടപ്പാക്കിവരുന്നുണ്ടെന്നും സംസ്ഥാന ഐ.ടി. മിഷനെ കേരള സ്റ്റേറ്റ് ഡിജിറ്റൽ ടെക്നോളജി മിഷനായും കേരളത്തിലെ സെമികണ്ടക്ടർ–ഇലക്ട്രോണിക്സ് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി The Indian Institute of Information Technology and Management Kerala (IIITM-K)-യെ സെമികോൺ കേരളമായും പരിവർത്തനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പുതിയ ബിസിനസ്സ് ആശയങ്ങളും പ്രോജക്ടുകളുമായി സമീപിക്കുന്ന വിദ്യാർഥികൾക്ക് സാങ്കേതിക-സാമ്പത്തിക പിന്തുണ ലഭ്യമാക്കുമെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25 (*183) <u>ഇറമുഖങ്ങൾക്കും വിമാനത്താവളങ്ങൾക്കും സമീപം പുതിയ വ്യവസായ കേന്ദ്രങ്ങൾ</u>

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കയറ്റുമതി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള വ്യവസായങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനുമായി പുതിയ വ്യവസായ സോണുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും കിൻഫ്ര, ഇൻകൽ എന്നിവവഴി സ്ഥല ലഭ്യത

ഉറപ്പാക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലെ കയറ്റുമതി-ഇറക്കുമതി ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനും അനുബന്ധ ലോജിസ്റ്റിക്സ് സേവനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി ട്രിവാൻഡ്രം സ്പിന്നിങ് മിൽസ് ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അധികഭൂമിയിൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ, എംപ്റ്റി കണ്ടെയ്നർ യാർഡ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഐ.ടി. അധിഷ്ഠിത വ്യവസായങ്ങളും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള നിക്ഷേപങ്ങളും ആകർഷിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. കണ്ണൂർ വിമാനത്താവളത്തിന് സമീപം കിൻഫ്ര ഏറ്റെടുത്ത ഭൂമി കേന്ദ്ര സർക്കാരിന്റെ ഭാരത് ഔദ്യോഗിക് വികാസ് യോജന (BHAVYA) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡിന് സമർപ്പിച്ചിട്ടുണ്ടെന്നും പനയത്താംപറമ്പിൽ വ്യവസായ കേന്ദ്രം സ്ഥാപിക്കാനും കൊച്ചി വിമാനത്താവളത്തിന് സമീപമുള്ള അയ്യമ്പുഴയിൽ ഭൂമി ഏറ്റെടുക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിൽ ഭൂമി ഏറ്റെടുക്കാനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും കൊച്ചി-ബാംഗ്ലൂർ ദേശീയ വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് 1700 ഏക്കർ ഭൂമിയിൽ മാനുഫാക്ചറിങ് സിറ്റിക്കായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും വ്യാവസായികാവശ്യങ്ങൾക്കായി സംരംഭകർക്ക് ഭൂമി അനുവദിക്കുന്നതിനോടൊപ്പം അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വിമാനത്താവളങ്ങളുടെയും തുറമുഖങ്ങളുടെയും പരിസരങ്ങളിൽ വ്യവസായ കേന്ദ്രങ്ങൾക്ക് സ്ഥലം കണ്ടെത്താനായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

അടിയന്തര ചോദ്യം

1 (1) വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെ സുപ്രധാന സെക്ഷനുകളെ ആർ.ടി.ഐ. പരിധിയിൽനിന്ന് ഒഴിവാക്കൽ

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, വിജിലൻസ് അന്വേഷണം, പ്രാഥമിക അന്വേഷണം, മിന്നൽ പരിശോധന എന്നിവയിലൂടെ കണ്ടെത്തുന്നതും തുടരന്വേഷണം നടത്തേണ്ടിവരുന്നതുമായ ഗുരുതര ക്രമക്കേടുകളിന്മേൽ അന്വേഷണം അവസാനിച്ച എന്നതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമപ്രകാരം രേഖകൾ നൽകേണ്ടിവരുന്ന സാഹചര്യം കേസന്വേഷണത്തെ ബാധിക്കുമെന്നതിനാൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയെ വിവരങ്ങൾ നൽകുന്നതിൽനിന്നും ഒഴിവാക്കണമെന്ന വിജിലൻസ് ഡയറക്ടറുടെ അഭ്യർഥനപ്രകാരം കോൺഫിഡൻഷ്യൽ ഫയലുകൾ കൈകാര്യം ചെയ്യുന്ന T1, T2 സെക്ഷനുകളെ 2005-ലെ വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 24 (4) പ്രകാരം പരിധിയിൽനിന്ന് ഒഴിവാക്കി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 'T1', 'T2' സെക്ഷനുകീഴിൽ വരുന്നതിൽ അതീവ രഹസ്യസ്വഭാവമോ സുരക്ഷാപ്രാധാന്യമോ ഇല്ലാത്തതും വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്താൻ അനുവാദമുള്ളതുമായ രേഖകളും T1', 'T2' സെക്ഷനുകളുടെ കീഴിൽ വരാത്ത വിജിലൻസ് അന്വേഷണങ്ങളുടെ സർക്കാർ അംഗീകരിച്ച റിപ്പോർട്ടുകളും അപേക്ഷകർക്ക് നൽകിവരുന്നുണ്ടെന്നും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ രഹസ്യ സ്വഭാവമുള്ള നടപടികൾ ശേഷിക്കുന്നില്ലെങ്കിൽ പ്രഥമവിവര റിപ്പോർട്ടുകളും മറ്റുവിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ടെന്നും അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നമുറയ്ക്ക് റിപ്പോർട്ടിന്റെ പകർപ്പ് കോടതിയിൽനിന്ന് നേടാവുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. അഴിമതി, മനുഷ്യാവകാശ ലംഘനം എന്നിവയുമായി ബന്ധപ്പെട്ട കേസുകളിന്മേൽ അന്വേഷണം പൂർത്തിയായാൽ മാത്രമെ വിവരാവകാശ നിയമപ്രകാരമുള്ള രേഖകൾ ലഭ്യമാകുകയുള്ളൂവെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.